വൈദ്യുതിബോർഡിലെ പ്രസരണ വിതരണ നഷ്ടം

116 (1659) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രസരണ വിതരണ നഷ്ടം വൈദ്യുത ബോർഡിന് സാമ്പത്തികമായി വൻ ബാദ്ധ്യതയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാണിജ്യപരമായ ഈ നഷ്ടത്തിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

പ്രസരണ വിതരണ നഷ്ടം വർദ്ധിക്കാനുള്ള കാരണങ്ങൾ

117 (1660) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തുവർഷത്തിനുമുമ്പ് വൈദ്യുതി ബോർഡിന്റെ പ്രസരണ നഷ്ടം എത്രയായിരുന്നു ;

(ബി) ഇത് വർദ്ധിക്കുവാനുള്ള കാരണമെന്ത് ;

(സി) ഈ പ്രസരണ നഷ്ടംമൂലമുള്ള സാമ്പത്തിക നഷ്ടം എത്രയാണ് ;

(ഡി) ഇപ്പോഴുള്ള പ്രസരണ വിതരണ നഷ്ടം പത്തുശതമാനമായി കുറച്ചാൽ എന്തു ലാഭമുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസരണ നഷ്ടം മാത്രമായി കണക്കാക്കിയിരുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) പ്രസരണ വിതരണ നഷ്ടം 10% ആയി കുറച്ചാൽ ഏകദേശം 635.67 കോടി രൂപ ലാഭമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly